**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3977** **28-06-2024 - ൽ മറുപടിയ്ക്ക്**

**യുവജന സംഘടനയുടെ നേതാവിന്റെ പേരിൽ വ്യാജ പോസ്റ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സാമൂഹ്യ മാധ്യമം വഴി പ്രമുഖ പ്രതിപക്ഷ യുവജന സംഘടനയുടെ നേതാവിന്റെ പേരിൽ വ്യാജ പോസ്റ്റർ നിർമ്മിച്ചു കൊണ്ട് വർഗീയ ചേരിതിരിവുണ്ടാക്കാൻ ശ്രമിച്ചവർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ഇക്കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ വടകര പാർലമെന്റ് മണ്ഡലത്തിൽ വർഗ്ഗീയ ധ്രുവീകരണവും സാമുദായിക സ്പർദ്ധയും ലക്ഷ്യം വച്ച് നവമാധ്യമങ്ങളിൽ മത - വർഗ്ഗീയത പ്രചരിപ്പിക്കുന്നത് സംബന്ധിച്ച് എൽ.ഡി.എഫ് സ്ഥാനാർത്ഥിയായ ശ്രീമതി കെ. കെ. ഷൈലജ ടീച്ചറുടെ തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ചുമതലക്കാരൻ ശ്രീ. സി. ഭാസ്കരൻ മാസ്റ്ററുടെ ഒരു പരാതിയും, നാട്ടിൽ മതസ്പർദ്ധയും കലാപവും നടത്താൻ ആഹ്വാനം ചെയ്യുന്നതുമായ രീതിയിൽ സമൂഹമാധ്യമങ്ങൾ വഴി പ്രചാരണം നടത്തിയത് സംബന്ധിച്ച് മുസ്ലീം യൂത്ത് ലീഗ് ജനറൽ സെക്രട്ടറിയുടെ ഒരു പരാതിയും പോലീസിന് ലഭിച്ചിരുന്നു. രണ്ടു പരാതികളിലും പോലീസ് വിശദവും ശാസ്ത്രീയവും സമയബന്ധിതവുമായ നടപടിയാണ് സ്വീകരിച്ചത്. കണ്ടന്റ് നീക്കം ചെയ്യുന്നതിന് ഫെയ്സ്ബുക്ക് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒപ്പം പ്രൊഫൈൽ വിവരങ്ങളും തേടിയിട്ടുണ്ട്. അക്കൗണ്ടിന്റെ പ്രൊഫൈൽ വിവരങ്ങൾ ലഭിക്കുന്നതനുസരിച്ച് അന്വേഷണം പൂർത്തിയാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.<br><br>ഇത്തരം പരാതികളെല്ലാം സർക്കാർ ഗൗരവമായാണ് പരിഗണിച്ചു വരുന്നത്. |
| (ബി) | പ്രസ്തുത പരാതിയിൽ പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഇക്കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ വടകര പാർലമെന്റ് മണ്ഡലത്തിൽ വർഗ്ഗീയ ധ്രുവീകരണവും സാമുദായിക സ്പർദ്ധയും ലക്ഷ്യം വച്ച് നവമാധ്യമങ്ങളിൽ മത - വർഗ്ഗീയത പ്രചരിപ്പിക്കുന്നത് സംബന്ധിച്ച് എൽ.ഡി.എഫ് സ്ഥാനാർത്ഥിയായ ശ്രീമതി കെ. കെ. ഷൈലജ ടീച്ചറുടെ തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ചുമതലക്കാരൻ ശ്രീ. സി. ഭാസ്കരൻ മാസ്റ്ററുടെ ഒരു പരാതിയും, നാട്ടിൽ മതസ്പർദ്ധയും |

| | | | |
|---|---|---|---|
| | | | കലാപവും നടത്താൻ ആഹ്വാനം ചെയ്യുന്നതുമായ രീതിയിൽ സമൂഹമാധ്യമങ്ങൾ വഴി പ്രചാരണം നടത്തിയത് സംബന്ധിച്ച് മുസ്ലീം യൂത്ത് ലീഗ് ജനറൽ സെക്രട്ടറിയുടെ ഒരു പരാതിയും പോലീസിന് ലഭിച്ചിരുന്നു. രണ്ടു പരാതികളിലും പോലീസ് വിശദവും ശാസ്ത്രീയവും സമയബന്ധിതവുമായ നടപടിയാണ് സ്വീകരിച്ചത്. കണ്ടന്റ് നീക്കം ചെയ്യുന്നതിന് ഫെയ്സ്ബുക്ക് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒപ്പം പ്രൊഫൈൽ വിവരങ്ങളും തേടിയിട്ടുണ്ട്. അക്കൗണ്ടിന്റെ പ്രൊഫൈൽ വിവരങ്ങൾ ലഭിക്കുന്നതനുസരിച്ച് അന്വേഷണം പൂർത്തിയാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.<br><br>ഇത്തരം പരാതികളെല്ലാം സർക്കാർ ഗൗരവമായാണ് പരിഗണിച്ചു വരുന്നത്. |
| (സി) | എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കുമോ? | (സി) | ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത രണ്ട് കേസുകളിലും ശാസ്ത്രീയ അന്വേഷണം ഉൾപ്പെടെയുള്ള വിശദമായ അന്വേഷണം നടത്തി വരുന്നു. കേസ് അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ